പതിനാലാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2909 10.03.2017 ൽ മറുപടിയ്ക്ക്

# കെ എസ് ടി പി റോഡ് നിർമ്മാണ പ്രവൃത്തികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി.പി. അയിഷാ പോറ്റി | ശ്രീ.ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ട് നിലവിൽ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്ന റോഡ് നിർമ്മാണ പ്രവൃത്തികൾ ഏതെല്ലാമാണ്;<br>(ബി) പ്രവൃത്തികളുടെ വിശദാംശങ്ങളും & നിലവിലെ സ്ഥിതിയും വിശദമാക്കുമോ? | (എ) കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ട് (കെ.എസ്.ടി.പി) ഏറ്റെടുത്ത് നടപ്പിലാക്കി വരുന്ന റോഡ് നിർമ്മാണ പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>(ബി) **പാക്കേജ് I**<br>കാസർഗോഡ് - കാഞ്ഞങ്ങാട് റോഡ് (27.78 കി.മീ) - 72% നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഈ പ്രവൃത്തിയുടെ കാലാവധി 23.03.2017 ൽ അവസാനിക്കുന്നതാണ്. കാഞ്ഞങ്ങാട് ടൗൺ ഒഴികെ പ്രധാന നിർമ്മാണ പ്രവൃത്തികൾ പൂർത്തിയായിക്കഴിഞ്ഞു. അവശേഷിക്കുന്ന റോഡ് സുരക്ഷാ പ്രവൃത്തികൾ ഉൾപ്പടെയുള്ള പണികൾ പുരോഗമിച്ചു വരുന്നു. 2017 മാർച്ചിൽ പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.<br>**പാക്കേജ് II**<br>പിലാത്തറ – പാപ്പിനിശ്ശേരി റോഡ് (20.9 കി.മീ) - 70% നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഈ പ്രവൃത്തിയുടെ കാലാവധി 31.03.2017 ൽ അവസാനിക്കുന്നതാണ്. താവം മേൽപ്പാലം ഒഴിച്ചുള്ള പ്രവൃത്തികൾ 2017 മാർച്ച് മാസത്തിൽ പൂർത്തിയാകും. 2017 ജൂലൈയിൽ പദ്ധതി പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |

**പാക്കേജ് III A**

തലശ്ശേരി - കളറോഡ് റോഡ് (28.8 കി.മീ) - ഈ പ്രവൃത്തി 31.05.2016 ന് ആരംഭിച്ചു. നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. 30.05.2018 വരെ നിർമ്മാണ കാലാവധിയുണ്ട്.

**പാക്കേജ് III B**

കളറോഡ് - വളവുപാറ റോഡ് (25.2 കി.മീ) - ഈ പ്രവൃത്തി 10.06.2016 ന് ആരംഭിച്ചു. നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. 17.08.2018 വരെ നിർമ്മാണ കാലാവധിയുണ്ട്.

**പാക്കേജ് IV**

ചെങ്ങന്നൂർ - ഏറ്റുമാനൂർ റോഡ് (45.8 കി.മീ) - 68% നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഈ പ്രവൃത്തിയുടെ കാലാവധി അവസാനിക്കുന്ന 24.11.2017 നുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

**പാക്കേജ് IV A**

തിരുവല്ല ബൈപ്പാസ് ( 2.3 കി.മീ) - 57% നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഡിസൈനിൽ മാറ്റം വേണ്ടി വന്നതിനാലും സ്ഥലമെടുപ്പ് സംബന്ധിച്ചുള്ള നടപടികൾ പൂർത്തിയാക്കാത്തതിനാലും പ്രവൃത്തിയുടെ ഉദ്ദേശിച്ച പുരോഗതി കൈവരിക്കാനായിട്ടില്ല. സ്ഥലം ലഭ്യമാക്കുന്ന വിഷയത്തിൽ റവന്യൂ വകുപ്പുമായി ബന്ധപ്പെട്ടു വരുന്നു.

**പാക്കേജ് V**

ഏറ്റുമാനൂർ - മൂവാറ്റുപുഴ റോഡ് ( 40.96 കി.മീ) - 57% നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

**പാക്കേജ് VI**

പൊൻകുന്നം - തൊടുപുഴ (50 കി.മീ) - 95% നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 2017 മാർച്ചിൽ പ്രവൃത്തി പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു

**പാക്കേജ് VII**

പുനലൂർ - പൊൻകുന്നം റോഡ് - പി.പി.പി വ്യവസ്ഥയിൽ നടപ്പിലാക്കുന്നതിന് തീരുമാനി ച്ചിട്ടുള്ള പദ്ധതിയുടെ ടെണ്ടർ നടപടികൾ പുരോഗമിച്ചു വരുന്നു. പെരിമ്പലാവ് - പെരിന്തൽമണ്ണ (41 കി.മീ) - ഉപരിതലം പുതുക്കൽ 95 % പ്രവൃത്തി പൂർത്തീകരിച്ചു. 2017 മാർച്ചിൽ പൂർത്തീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**മോഡൽ റോഡ് സുരക്ഷാ പദ്ധതി**

കഴക്കൂട്ടം - അടൂർ (80 കി.മീ) സുരക്ഷാ റോഡ് പദ്ധതി 28.12.2016 ൽ ആരംഭിച്ചു. പദ്ധതിയുടെ ആരംഭഘട്ട പണികൾ നടന്നു വരുന്നു.

**സെക്ഷൻ ഓഫീസർ**